# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2962 — 07.02.2018-ൽ മറുപടിക്ക്

## വട്ടേക്കാട് യു.പി. സ്കൂളിനെ ഹൈസ്കൂളാക്കി ഉയർത്താൻ നടപടി

| ചോദ്യം<br>ശ്രീ.കെ. ബാബു | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സർക്കാർ യു.പി. സ്കൂളുകളെ ഹൈസ്കൂളുകളായി ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് പുതുതായി സ്കൂളുകൾ അനുവദിക്കുകയോ/അപ്ഗ്രേഡ് ചെയ്യുകയോ ചെയ്യുന്നത് 1959 -ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം V ചട്ടം 2, 2എ എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചാണ്. |
| (ബി) നെന്മാറ മണ്ഡലത്തിലെ വട്ടേക്കാട് ഗവൺമെന്റ് യു.പി. സ്കൂളിനെ ഹൈസ്കൂളായി ഉയർത്തേണ്ട ആവശ്യകത സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) പ്രസ്തുത സ്കൂളിനെ ഹൈസ്കൂളായി ഉയർത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി), (സി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകതയുള്ള പ്രദേശങ്ങൾ കണ്ടെത്തുകയും ആയത് വിശദമായി പരിശോധിച്ച് ഏറ്റവും അവശ്യം വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ 4 പ്രദേശങ്ങൾ 20.05.2017 – ലെ അസാധാരണ ഗസറ്റ് നമ്പർ 1057, 10.10.2017 – ലെ അസാധാരണ ഗസറ്റ് നമ്പർ 2192 എന്നിവ പ്രകാരം വിജ്ഞാപനമായിട്ടുണ്ട്. വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ മറ്റ് 82 സ്ഥലങ്ങളിലെ വിദ്യാർത്ഥികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടെ തൊട്ടടുത്ത സ്കൂളുകളിലേക്ക് വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനും 09.06.2017 – ലെ സ.ഉ. (സാധാ) നമ്പർ 1813/2017/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിൽ നെന്മാറ മണ്ഡലത്തിലെ വട്ടേക്കാട് പ്രദേശം ഉൾപ്പെട്ടിട്ടില്ല.<br><br>വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ വട്ടേക്കാട് ഗവ. യു.പി. സ്കൂൾ, ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നത് പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ